**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5045** **20-07-2022 - ൽ മറുപടിയ്ക്ക്**

**സുനാമി ബാധിതരുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊടുങ്ങല്ലൂർ താലൂക്കിൽ എടവിലങ്ങ് വില്ലേജിൽ ശ്രീ. മുഹമ്മദ് പി.എം., പുന്നലത്ത് ഹൗസ്, കുമരനെല്ലൂർ പി. ഒ., വടക്കാഞ്ചേരി എന്ന ആളിൽ നിന്നും സുനാമി ബാധിതരുടെ പുനരധിവാസത്തിനായി 2008-ൽ ഏറ്റെടുത്ത സർവ്വേനമ്പർ 412, 413 എന്നിവയിൽ ഉൾപ്പെട്ട 87 സെന്റ് ഭൂമിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കൊടുങ്ങല്ലൂർ താലൂക്കിൽ എടവിലങ്ങ് വില്ലേജിൽ ശ്രീ. മുഹമ്മദ് പി.എം, പുന്നലത്ത് ഹൗസ്, കുമരനെല്ലൂർ പി. ഒ., വടക്കാഞ്ചേരി എന്ന ആളിൽ നിന്നും സുനാമി ബാധിതരുടെ പുനരധിവാസത്തിനായി എടവിലങ്ങ് വില്ലേജിൽ സർവ്വെ 412,413 എന്നിവയിൽ ഉൾപ്പെട്ട 87 സെന്റ് വസ്തു ഏറ്റെടുത്തിട്ടുള്ളതും, വില്ലേജ് റിക്കാർഡിൽ പുറമ്പോക്ക് ആക്കി മാറ്റിയിട്ടുള്ളതുമാണ്. ശ്രീ മുഹമ്മദ് പുന്നലത്ത് എന്നിവർക്ക് അവാർഡ് 8/10, 9/10 എന്നിവ പ്രകാരം അനുവദിച്ച നഷ്ടപരിഹാരത്തുക, കൈവശ ഭൂമിയുടെ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ എൽ.എ.ആക്ട് 31(2) പ്രകാരം സബ് കോടതി, ഇരിങ്ങാലക്കുട മുമ്പാകെ കെട്ടിവച്ചിട്ടുള്ളതുമാണ്. പ്രസ്തുത വസ്തു ഭവന നിർമ്മാണത്തിനായി ഹൗസിംഗ് ബോർഡിൽ ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടെങ്കിലും ഭവന നിർമ്മാണങ്ങൾ ഒന്നും നടന്നിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത ഭൂമി നിലവിൽ റവന്യൂ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുത്ത് വില്ലേജ് റിക്കാർഡുകളിൽ പുറമ്പോക്ക് ആക്കി മാറ്റിയിട്ടുള്ളതും, ഹൗസിംഗ് ബോർഡിന് ഭവന നിർമ്മാണത്തിനായി കൈമാറിയിട്ടുള്ളതുമാണ്. |
| (സി) | ഭൂമി ഏറ്റെടുത്ത ആവശ്യം നടപ്പിലാക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ ഭൂമി തിരിച്ച് നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | സുനാമി പുനരധിവാസത്തിനായാണ് പ്രസ്തുത ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റിയിട്ടുള്ളത്. എന്നാൽ മറ്റൊരു വ്യക്തിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയിൽ എടവിലങ്ങ് വില്ലേജിൽ 33 വീടുകൾ പണിതിട്ടുള്ളതും, ആയവ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്. 70-ൽ പ്പരം ആളുകൾ ഇനിയും ഗുണഭോക്തൃ ലിസ്റ്റിൽ ബാക്കിയുണ്ട്. ടി ഗുണഭോക്തൃ ലിസ്റ്റിൽ പ്പെട്ടതും തീരദേശത്തു നിന്നും അൻപത് മീറ്റർ പരിധിയിൽ പ്പെട്ടതുമായ |

| | | | |
|---|---|---|---|
| | | | എൺപതോളം കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിലും ലൈഫ് മിഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ളതും മിക്ക കുടുംബങ്ങളും ഭവന നിർമ്മാണം നടത്തി മാറി താമസിച്ചിട്ടുള്ളതുമാണെന്ന് അന്വേഷണത്തിൽ അറിയിന്നു. സുനാമി പുനരധിവാസത്തിനായി സർക്കാർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുത്തിട്ടുള്ളതിനാൽ ടി ഭൂമികൾ തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ